കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കള്ളാർ ഗ്രാമപഞ്ചായത്ത്

# 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി/10/895/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് -671123.

ഇ-മെയിൽ : doksd.ksad@kerala.gov.in.
ഫോൺ : 0499 4256690.

തീയതി-07.08.2017

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കള്ളാർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കള്ളാർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ. മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി-10/895/2017 തിയതി :07.07.2017.

# കാസറഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം

പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-01-2017 മുതൽ 23-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 06 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 04 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 24.07.2017 മുതൽ 01.08.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | കിഷോർ.എ.ജി | ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ | അസി. ഓഡിറ്റ് ഓഫീസർ |
| | ജെന കുര്യാക്കോസ് | അസി. ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ത്രേസ്യാമ്മ ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എം.ജി വേണുഗോപാലൻ | 01.04.2016 മുതൽ 17.05.2016 വരെ |
| | ശ്രീ.ഹരിദാസ്.പി (അസി.സെക്രട്ടറി) | 18.05.2016 മുതൽ 31.05.2016 വരെ |
| | ശ്രീ.എം.ജി വേണുഗോപാലൻ | 01.06.2016 മുതൽ 30.10.2016 വരെ |
| | ശ്രീ.ഹരിദാസ്.പി (അസി.സെക്രട്ടറി) | 01.11.2016 മുതൽ 03.01.2017 വരെ |
| | ശ്രീ.റ്റി.എസ്.പ്രസാദ് | 04.01.2017 മുതൽ 19.1.2017 വരെ |
| | ശ്രീ.മുജീബ്.എസ് (അസി.സെക്രട്ടറി) | 20.01.2017 മുതൽ 31.3.2017 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഹരിദാസ്.പി | 01-04-2016മുതൽ10.01.2017വരെ |
| | ശ്രീ.മുജീബ്.എസ് | 16-01-2017മുതൽ31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.വൈശാഖ്. | 01-04-2016മുതൽ15-10-2016വരെ |
| | ശ്രീ.ഉമേശ്.കെ.വി | 16-10-2016മുതൽ31-03-2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പുന്നൂസ് മാത്യൂ | 01-04-2016മുതൽ 31-03-201വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീ.ഡോ.മുരളീധരൻ | 01-04-2016മുതൽ 31-03-201വരെ |
| കൃഷി ഓഫീസർ | ശ്രീമതി.വിനോദിനി.കെ | 01-04-2016മുതൽ 31-03-201വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.അമിത എം കേളപ്പൻ | 01-04-2016 മുതൽ 28-02-201 വരെ |
| | ശ്രീമതി.ശിഖ പ്രഭാകരൻ | 01-03-2017മുതൽ 14-03-201വരെ |
| | ശ്രീമതി.ശരണ്യ വേണു | 15-03-2017മുതൽ 31-03-201വരെ |
| വി.ഇ.ഒ. | ശ്രീ.ജയരാജ്.പി | 01-04-2016മുതൽ 31-03-201വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീമതി.ഡോ.ബേബി സിനി.എം | 01-04-2016 മുതൽ 31-03-201 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ശ്രീമതി.ഡോ.ശ്രീജ | 01-04-2016 മുതൽ 31-03-201 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ശ്രീമതി.ഡോ.സുനിത.എൻ | 01-04-2016 മുതൽ 31-03-2017 വരെ |

.

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| | ഭാഗം 2 | |
| 11 | നിയമനാംഗീകാരം ലഭിച്ചില്ല -തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 12 | ഡി.ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ | 2-2 |
| 13 | കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-3 |
| | ഭാഗം 3 | |
| 14 | പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാത്തതു മൂലം 80 ലക്ഷം രൂപ തൻവർഷം വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല | 3-1 |
| 15 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-സർക്കാർ നിർമ്മയിച്ച നിരക്കുകൾ അനുവദിക്കുന്നില്ല | 3-2 |
| 16 | തെരുവ് വിളക്ക് –വൈദ്യുതി ചാർജ്ജ് സംയുക്ത പരിശോധന നടത്തുന്നില്ല | 3-3 |
| 17 | ടാർ വാങ്ങുന്നതിന് തുക നൽകി മുഴുവൻ തുകയ്ക്കും ടാർ ലഭിച്ചില്ല | 3-4 |
| 18 | തുക മുൻകൂർ നല്കിയിട്ടും മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-5 |
| 19 | ആശ്രയ പദ്ധതി പ്രവർത്തനം മന്ദഗതിയിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്നത് 12.85ലക്ഷം രൂപ | 3-6 |
| 20 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 3-7 |
| 21 | പട്ടിക വർഗ്ഗ ഭവന പുനരുദ്ധാരണം – പഠനമുറി നിർമ്മാണം – പൂർത്തീകരണം അവശേഷിക്കുന്നു | 3-8 |
| 22 | സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പദ്ധതി വികസനഫണ്ടിൽ നിന്നും മുൻകൂർ എടുത്ത തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. | 3-9 |
| 23 | ബഡ്സ് സ്കൂൾ ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങൽ -സർക്കാർ അനുവദിച്ച ഫണ്ട് വിനിയോഗിച്ചില്ല | 3-10 |
| 24 | നെൽകൃഷി ഉൽപാദന ബോണസ് നാളിതുവരെയും വിതരണം ചെയ്തിട്ടില്ല | 3-11 |
| | ഭാഗം 4 | |
| 25 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്.
2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,
3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,
4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02-03-2016 ഭരണസമിതി തീരുമാനം 22/16 പ്രകാരം അംഗീകരിച്ചിട്ടുണ്ട് , ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് |
|---|---|
| മുന്നിരിപ്പ് | 20,74,550 |
| വരവ് | 5,63,45,906 |
| ആകെ | 5,84,20,456 |
| ചെലവ് | 5,71,85,500 |
| നീക്കിയിരിപ്പ് | 12,34,956 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 20-06-2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2016-17 | 28-7-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയിഉൾപ്പെടുത്തിയിട്ടുണ്ട്. |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു .

1)ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

2)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ വസ്തു നികുതി ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ തുകകളും വാർഷിക കണക്കിലെ ബന്ധപ്പെട്ട തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 98,95,079 |
| വരവ് | 5,66,86,546 |
| ആകെ | 6,65,81,625 |
| ചെലവ് | 5,35,59,726 |
| നീക്കിയിരിപ്പ് | 1,30,21,899 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടത് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് | 0 | 1,02,07,142 | 1,02,07,142 | 1,01,08,640 | 98,502 | 99.03% |

| | | | | | | |
|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | |
| വികസനഫണ്ട്-എസ്.സി.പി. | 0 | 68,15,244 | 68,15,244 | 68,15,244 | 0 | 100% |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 29,62,764 | 29,62,764 | 29,62,764 | 0 | 100% |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 82,47,891 | 82,47,891 | 25,99,773 | 56,48,118 | 68.47% |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 27,59,574 | 27,59,574 | 20,56,575 | 7,02,999 | 74.52% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 57,24,396 | 57,24,396 | 53,67,613 | 3,56,783 | 93.76% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 29,97,705 | 29,97,705 | 18,03,704 | 11,94,001 | 60.16% |
| ബി. ഫണ്ട് (ഡി.ബി.റ്റി ഉൾപ്പടെ) | 0 | 2,54,00,435 | 2,54,00,435 | 2,54,00,435 | 0 | 100% |
| | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | „ |
| എം.ജി.എൻ.ആർ.ജി.എസ് (എഫ്.റ്റി.ഒ ഉൾപ്പടെ) | 21,779 | 1,46,31,187 | 1,46,52,966 | 1,45,49,022 | 1,03,944 | 99.29% |

മേൽ ചെലവിന് പുറമേ 2016-17സാമ്പത്തിക വർഷാവസാനം ക്യൂ സിസ്റ്റത്തിൽ ട്രഷറിയിൽ സമർപ്പിക്കപ്പെട്ട വിവിധ ബില്ലുകളിലായി 21,85,633 രൂപ കൂടി സർക്കാരിൽ നിന്നുള്ള അഡീഷണൽ അലോട്ട്മെന്റിന്റെയടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുകയുണ്ടായി. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | തുക | അഡീഷണൽ അലോട്ട്മെന്റ് അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് |
|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 97,300 | ധനകാര്യ എസ്.എഫ്.സെൽ.എ.വകുപ്പിന്റെ സ.ഉ.(സാധ)നം.4473/17 ധന/ തി.29/05/17 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3,07,373 | „ |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) (സെൻട്രൽ) | 5,97,960 | „ |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) (സ്റ്റേറ്റ്) | 2,20,000 | „ |
| സംരക്ഷണഗ്രാന്റ് റോഡ് | 7,74,603 | ധനകാര്യ എസ്.എഫ്.സെൽ .എ.വകുപ്പിന്റെ സ.ഉ.(സാധ)നം.4522/17 ധന/ തി.01/06/17 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1,88,397 | „ |
| ആകെ | 21,85,633 | „ |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 144 | 90 | 21 | 33 | 81% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോ-ദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | കൃഷി ഓഫീസർ | 5 | 19,09,920 | 5 | 19,09,070 | 99.9% |
| 2 | വെറ്റനറി സർജ്ജൻ | 9 | 29,18,691 | 9 | 20,40,312 | 69.90% |
| 3 | മെഡിക്കൽഓഫീസർ,അലോപ്പതി | 2 | 7,79,294 | 2 | 7,41,785 | 95.18% |
| 4 | മെഡിക്കൽഓഫീസർ,ഹോമിയോ | 1 | 3,00,000 | 1 | 3,00,000 | 100% |
| 5 | മെഡിക്കൽഓഫീസർ,ആയുർവ്വേദം | 1 | 6,00,000 | 1 | 6,00,000 | 100% |
| 6 | വി.ഇ.ഒ | 6 | 69,34,000 | 6 | 65,46,000 | 94.40% |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 40,70,475 | 7 | 30,22,781 | 74.26% |
| 8 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 14 | 41,02,521 | 13 | 30,23,065 | 73.68% |
| 9 | ഹെഡ്മാസ്റ്റർ | 3 | 18,19,004 | 3 | 17,,81,374 | 97.93% |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | 82 | 2,27,88,881 | 52 | 77,79,044 | 34.13% |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 1,16,55,815 | 12 | 94,98,708 | 81.49% |
| | അകെ | 144 | 5,78,78,601 | 111 | 3,72,42,139 | 64.34% |

# 1-7 തനത് വരുമാനം.

തൻവർഷം ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 24.45% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 36,90,988 | 39,46,366 | 2,55,378 | (+)6.91% |
| നികുതിയേതര വരവുകൾ | 7,01,801 | 14,98,159 | 7,96,358 | (+)113.47% |
| മറ്റുള്ളവ | 1,74,482 | 2,39,810 | 65,328 | (+)37.44% |
| ആകെ | 45,67,271 | 56,84,335 | 11,17,064 | (+)24.45% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 18,360 | 09 |
| കർഷക തൊഴിലാളി പെൻഷൻ | 7,56,250 | 83 |
| വിധവാ പെൻഷൻ | 84,28,130 | 794 |
| വാർദ്ധക്യകാല പെൻഷൻ | 1,31,92,790 | 1,462 |
| വികലാംഗ പെൻഷൻ | 25,04,725 | 281 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 2,80,180 | 29 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-07-2017 ന് (3.40 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,838 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-05-2017 | 01/2017 മുതൽ 03/2017 | 05-05-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല | ഇല്ല | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിയമന അംഗീകാരം ലഭിച്ചില്ല - തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന എയ്ഡഡ് സ്കൂളുകളായ സെന്റ്.മേരീസ് എ.യു.പി.എസ്, മാലക്കല്ല്, ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂൾ, രാജപുരം എന്നീ സ്കൂളുകളിലെ മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി പത്രികയിൽ, 2016-17 വർഷത്തിൽ സ്കൂളിൽ ജോലി ചെയ്യുന്നതും, എന്നാൽ നിയമന അംഗീകാരം ലഭിക്കാത്തതിനാൽ, ശമ്പളം ലഭിക്കാത്തതുമായ ഏതാനും അധ്യാപകരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് /ഈടാക്കി നൽകുകയുണ്ടായില്ല. ഇവരുടെ നിയമനം അംഗീകരിക്കപ്പെട്ട്, ശമ്പളം ലഭ്യമാകുമ്പോൾ, 2016-17 കാലയളവിലെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സെന്റ്.മേരീസ് എ.യു.പി.എസ്. മാലക്കല്ല് | | | |
|---|---|---|---|
| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | നികുതി ഈടാക്കേണ്ട അർദ്ധവർഷങ്ങൾ |
| 1 | വിജയ് മാത്യു | യു.പി.എസ്.എ. | I |
| 2 | ആഷ് ലി ജോസ് | എൽ.പി.എസ്.എ. | I |
| 3 | സ്വപ്ന ജോൺ | യു.പി.എസ്.എ. | I |
| 4 | മെറീന മാത്യു | എൽ.പി.എസ്.എ. | I |
| 5 | ചൈതന്യ ബേബി | എൽ.പി.എസ്.എ. | I |
| 6 | ജിൻസി ജോസഫ് | യു.പി.എസ്.എ. | I |
| 7 | ജോർജ്ജ് കെ.ജെ. | ഒ.എ. | I |
| 8 | സി.ലവ്സി ജോസഫ് | യു.പി.എസ്.എ. | I |
| ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂൾ, രാജപുരം | | | |
| 9 | സി.സെലിൻ എബ്രാഹം | എച്ച്.എസ്.എ. | I,II |
| 10 | ലിബിൻ.കെ.കുര്യൻ | എച്ച്.എസ്.എ. | I |
| 11 | ഫാ.ബെന്നി തോമസ് | എച്ച്.എസ്.എ. | I,II |
| 12 | സി.അനിത ജേക്കബ് | എച്ച്.എസ്.എ. | I,II |
| 13 | സെൽമ കെ.ജെ | യു.പി.എസ്.എ. | I,II |
| 14 | ബിന്ദു ജേക്കബ് | യു.പി.എസ്.എ. | I |
| 15 | ടിനു തോമസ് | എഫ്.റ്റി.എം. | I |
| 16 | ബിജി ജോർജ്ജ് | എച്ച്.എസ്.എ. | I,II |
| 17 | വിമൽ എബ്രാഹം | എച്ച്.എസ്.എ. | I,II |
| 18 | ഷീജ വാരിയത്ത് | എച്ച്.എസ്.എ. | I |
| 19 | റിങ്കു ജോസ് | എച്ച്.എസ്.എ. | I |
| 20 | ജോയിസ് ജോസഫ് | എഫ്.റ്റി.എം. | I |
| 21 | ലൂക്കോസ് മാത്യു | യു.പി.എസ്.എ. | I |
| 22 | അജേഷ് ജോസ് | എച്ച്.എസ്.എ. | I,II |
| 23 | ടോമി ജേക്കബ് | ഒ.എ. | I |
| 24 | തോമസ് മാത്യു | എച്ച്.എസ്.എ. | I |

## 2-2 ഡി. ആന്റ് ഒ. ലൈസൻസ് /പുതുക്കൽ ഫീസ് സംബന്ധിച്ച്

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

കള്ളാർ ഗ്രാമപഞ്ചായത്തിലെ 2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ (29/02/16) | ചട്ടപ്രകാരമുള്ള സമയംപാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 45 | 113 | 142 | - | 310 |

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 48% വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ ബന്ധപ്പെട്ട സെക്ഷൻ തയ്യാറാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അതുവഴി എല്ലാവരും യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും, അവ പഞ്ചായത്ത് പരിധിയിൽ ചട്ട പ്രകാരമാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പ് വരുത്തുവാൻ കഴിയും. കൂടാതെ എല്ലാ വർഷത്തെയും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ, ഭരണസമിതിയുടെയും വ്യാപാരി-വ്യവസായി ഏകോപന സമിതിയുടെയും മേൽനോട്ടത്തിലും, ഏകോപനത്തിലും ക്യാമ്പുകളോ മറ്റോ സംഘടിപ്പിച്ച് എല്ലാ വ്യാപാരികളുടെയും ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രതിദിന വിറ്റുവരവ് വിലയിരുത്തി ആനുപാതികമായ വർദ്ധനവ് ലൈസൻസ് ഫീസിൽ വരുത്തുന്നതിനുമുള്ള നടപടികളും ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ, അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർ അന്വേഷണം ആവശ്യമുള്ള സാഹചര്യത്തിൽ ആയത് നടത്തി, കൃത്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം തീരുമാനം

എടുക്കേണ്ടതു്.

## 2-3 ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

കള്ളാർ ഗ്രാമ പഞ്ചായത്തിൽ 2014-15, 2015-16 ,2016-17 സാമ്പത്തിക വർഷങ്ങളിൽ ഇ. ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ് ) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട പ്രസ്തുത തുകകൾ എത്രയും വേഗം തിരികെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ രേഖകൾ പ്രകാരം മേൽ പരാമർശിച്ച മൂന്ന് വർഷങ്ങളിലായി ഈയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ടെണ്ടർ ബിഡ് ഫീസ് | കരാറുകാരുടെ എണ്ണം | ആകെ തുക |
|---|---|---|---|---|
| A | 2014-15 | | | |
| 1 | ചെറക്കോട് ചീറ്റ റോഡ് ടാറിങ്ങ് | 1,260 | 5 | 6,300 |
| 2 | കരിന്ത്രൻകല്ല് കോളനി റോഡ് ടാറിങ്ങ് | 5,250 | 7 | 36,750 |
| 3 | എടക്കടവ് ചേറ്റ് കല്ല് റോഡ് ടാറിങ്ങ് | 5,250 | 6 | 31,500 |
| 4 | മൈൽ കോളനി റോഡ് ടാറിങ്ങ് | 2,100 | 3 | 6,300 |
| 5 | പൂക്കന്നം ചെറുമ്പച്ചാൽ പുഴക്കര കനീലടുക്കം റോഡ് ടാറിങ്ങ് | 1,260 | 4 | 5,040 |
| 6 | അരിങ്കല്ല് നീലിമല റോഡ് ടാറിങ്ങ് | 1,260 | 3 | 3,780 |
| 7 | പെരുമ്പള്ളി ക്ലബ് റോഡ് ടാറിങ്ങ് | 5,250 | 5 | 26,250 |
| | ആകെ (A) | | | 1,15,920 |
| B | 2015-16 | | | |
| 1 | കള്ളാർ നീലിമല റോഡ്ടാറിങ്ങ് | 2,635 | 2 | 5,270 |
| 2 | അഞ്ജനമുക്കട് കുണ്ടംപാറ റോഡ് ടാറിങ്ങ് | 1,155 | 2 | 2,310 |
| | ആകെ (B) | | | 7,580 |
| C | 2016-17 | | | |
| 1 | അഞ്ജനമുക്കട് കുണ്ടംപാറ റോഡ്നവീകരണം | 1,470 | 4 | 5,880 |

| | | | | |
|---|---|---|---|---|
| 2 | മാലക്കല്ല് ചുള്ളിയോടി റോഡ് നവീകരണം | 1,050 | 3 | 3,150 |
| 3 | ചെറുപനത്തടി അരിങ്കല്ല് റോഡ് നവീകരണം | 1,050 | 1 | 1,050 |
| 4 | ചെറുപനത്തടി അരിങ്കല്ല് റോഡ് നവീകരണം | 1,050 | 1 | 1,050 |
| 5 | രാജപുരം വെറ്റിനറി ഹോസ്പിറ്റൽ നവീകരണം | 1,050 | 5 | 5,250 |
| 6 | ഒറ്റക്കണ്ടം കമ്മ്യൂണിറ്റി ഹാൾ കെട്ടിടം | 2,100 | 1 | 2,100 |
| | ആകെ (C) | | | 18,480 |
| | ആകെ (A+B+C)= ₹1,41,980 | | | |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിക്കാത്തതിനാൽ 80 ലക്ഷം രൂപ തൻവർഷം വിനിയോഗിക്കുവാൻ സാധിച്ചില്ല

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 3.97 കോടി രൂപ (₹ 3,97,14,716/-) അനുവദിച്ചിട്ടുണ്ട്. ഇതിൽ 3.17 കോടി രൂപ (₹ 3,17,14,313/-) ഓഡിറ്റ് വർഷം വിനിയോഗിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 80 ലക്ഷം രൂപ (₹ 80,00,403/-) തൻവർഷം വിനിയോഗിക്കാൻ സാധിച്ചില്ല. (31.03.2017-ന് ട്രഷറിയിൽ ക്യൂ സിസ്റ്റത്തിൽ നിന്ന വിവിധ പദ്ധതികളുടെ തുകയായ 21,85,633/-രൂപ 2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്). 2016-17 വർഷാവസാനം ചെലവഴിക്കുവാനവശേഷിച്ചിരുന്ന 80 ലക്ഷം രൂപയിൽ നിന്നും ക്യൂ സിസ്റ്റത്തിൽ മാറിയ ബില്ലുകളുടെ തുക കുറച്ചാൽ 58.15 ലക്ഷം രൂപ യഥാർത്ഥത്തിൽ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെടുകയുണ്ടായി. (പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ഈ റിപ്പാർട്ടിലെ ഖണ്ഡിക 1-5ൽ ചേർത്തിട്ടുണ്ട്). 2016-17 സാമ്പത്തിക വർഷം ആകെ 144 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 111 പദ്ധതികളാണ് തൻവർഷം നടപ്പിലാക്കിയത്. അംഗീകാരം ലഭിച്ച പദ്ധതി അടങ്കലിന്റെ 64.34% ചെലവ്

കൈവരിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. അതുപോലെ സർക്കാരിൽ നിന്നും തൻവർഷം അനുവദിച്ച പദ്ധതി വിഹിതത്തിൽ 85% തുക വിനിയോഗിക്കുവാനും ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്ന ഓരോ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുകയെന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളും ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്റ്റുകൾ സമയ ബന്ധിതമായി രൂപീകരിച്ച് ഭരണ സമിതിയും, നിർവ്വഹണോദ്യോഗസ്ഥന്മാരും, ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തണ്ടതാണ്.

## 3-2 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പ്-സർക്കാർ നിർണ്ണയിച്ച നിരക്കുകൾ അനുവദിക്കുന്നില്ല.

പ്രോജക്റ്റ് നം : 23/17, ബിൽ നം. 11/16-17 തീയതി: 28.02.2017 ₹ 2,33,500/- & 15/16-17 തി.31.3.2017 ₹56,500 (വികസന ഫണ്ട്) , നിർവ്വഹണം: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

11.01.2016ലെ ജി.ഒ.(എം.എസ്.)4/2016/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 9(iv)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 5.8 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത(പ്രതിമാസ സ്കോളർഷിപ്പിനുപുറമെ) |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ-നം. | ഇനം | സ്കോളർഷിപ്പ്/ബത്ത(രൂപ) |
|---|---|---|

| | | |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 1400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 18200 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 19,200 രൂപയും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറവാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുക. അംഗീകരിച്ച പദ്ധതി പ്രകാരം വകയിരുത്തിയ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉൾപ്പടെ ഗുണഭോക്താക്കൾക്ക് അനുവദിച്ചത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിന്റെയടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടേയും അർഹതപ്പെട്ട തുകയുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

1.ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| ക്ലാസ്സ് | കുട്ടികളുടെഎണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്തതുക | വ്യത്യാസം |
|---|---|---|---|---|
| 1-4 | 1 | [(400x12)+500]x1 =5,300 | [4750x1]= 4,750 | 550 |
| 5-8 | 7 | [(500x12)+600]x7 =46,200 | [5,300x7]= 37,100 | 9,100 |
| 9,10,+1,+2 | 03 | [(600x12)+800]x6 =48,000 | [6,400x06]=38,400 | 9,600 |
| ബിരുദം | 02 | [(800x12)+1,250]x02=21,700 | [8500x02]=17,000 | 4,700 |
| ആകെ | 13 | 1,21,200 | 97,250 | 23,950 |

2.മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| 47 | (47x18,200)= 8,55,400 | (46x10,750)+ (4,750x1) = 4,99,250 | 3,56,150 | ഉല്ലാസയാത്ര/പഠന യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |

സർക്കാർ ഉത്തരവനുസരിച്ചുള്ള നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ബത്ത എന്നീയിനങ്ങളിലായി

തൻവർഷം ആകെ 3,80,100 (3,56,150+23,950) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെയും, ബ്ലോക്ക് പഞ്ചായത്തിന്റെയും വിഹിതം ലഭ്യമാക്കി, സർക്കാർ മാനദണ്ഡപ്രകാരമുള്ള നിശ്ചിത നിരക്കിൽ തന്നെ വരും വർഷങ്ങളിൽ സ്കോളർഷിപ്പ് തുക നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-3 തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് നൽകൽ - സംയുക്തപരിശോധന നടത്തിയിട്ടില്ല .

ഗ്രാമപഞ്ചായത്ത് പ്രതിമാസം 7,867/- രൂപയാണ് തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടവാക്കുന്നത് . വൈദ്യുതി ബോർഡിന്റെ ബി.ബി / താരീഫ് റിവിഷൻ / സ്ട്രീറ്റ് ലൈറ്റ് -14-15 – 160 / 28.10. 2014 പ്രകാരം നല്കിയ ഉത്തരവിൽ താഴെ പറയും പ്രകാരമുള്ള തെരുവു വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജാണ് അടവാക്കുന്നത് .

| ക്രമ നമ്പർ | ബൾബുകളുടെ ഇനം | വാട്സ് | ബൾബുകളുടെഎണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | സാധാരണബൾബ് | 40 | 103 | 61 | 6,283 |
| 2 | സാധാരണബൾബ് | 60 | 03 | 94 | 282 |
| 3 | എഫ്. എൽ. | 2*40 | 05 | 124 | 620 |
| 4 | സി.എഫ്. എൽ . | 2*11 | 10 | 14 | 140 |
| 5 | സി.എഫ്. എൽ. | 4*11 | 12 | 28 | 336 |
| 6 | എം.വി.ഐ. | 125 | 1 | 206 | 206 |
| | ആകെ | | | | 7,867 |

2016-17 വർഷത്തിൽ 127 എൽ.ഇ.ഡി. ബൾബുകളാണ് സ്ഥാപിച്ചിട്ടുള്ളത്. വൈദ്യുതി ബോർഡുമായി സംയുക്ത പരിശോധന നടത്തി നിലവിൽ പ്രകാശിക്കുന്ന ബൾബുകളുടെ ഇനം തിരിച്ച്, നിരക്ക് നിശ്ചയിച്ച് വൈദ്യുതി ചാർജ്ജ് അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ടാർ വാങ്ങുന്നതിന്ന് തുക നൽകി - മുഴുവൻ തുകയ്ക്കും ടാർ ലഭിച്ചിട്ടില്ല .

കള്ളാർ ഗ്രാമ പഞ്ചയത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 27 ടാറിംഗ് പ്രവർത്തികൾക്കായി ടാർ വാങ്ങുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ 20,38,038 രൂപ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 6,73,697/ രൂപ Hindustan Colas Private Limited നും 13,43,553 രൂപ Mangalore Refinery And Petrochemicals Limited നും നൽകിയിട്ടുണ്ട്. Hindustan Colas Private Limited ൽ നിന്ന് 6,51,662/ രൂപയുടെ എമൽഷനും, (48+13=61), Mangalore Refinery And Petro chemicals Limited ൽ നിന്ന് 12,90,967 രൂപയുടെ ടാറുമാണ് ലഭിച്ചിട്ടുള്ളത്. ടാറും, എമൽഷനും ലഭിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു. (ട്രഷറിയിൽ നിന്നും പിൻവലിച്ച 20,38,038 രൂപയിൽ 20,17,250 രൂപയാണ് ടാർ കമ്പനികൾക്ക് കൈമാറിയത്. അവശേഷിച്ച 20,788 രൂപ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്.)

| ക്രമനമ്പർ | സ്ഥാപനം | എമൽഷൻ / ടാർ (ബാരൽ) | ഇൻവോയിസ് നമ്പർ , തിയതി | തുക |
|---|---|---|---|---|
| 1 | Hindustan Colas Limited | 48 | 0365404 / 27.03.2017 | 5,56,757 |
| | | 13 | 0365403 / 27.03.2017 | 94,905 |
| 2 | Mangalore Refinery And Petrochemicals Limited | 60 | DP01/ 90477689/ cs / po/ 16 / 23.03.2017 | 3,40,107 |
| | | 29 | DP01/ 90477991 / cs / po/ 16 / 24.03.2017 | 1,64,385 |

| | | | |
|---|---|---|---|
| | 60 | DP01/ 90479489/ cs / po/ 16 / 28.03.2017 | 3,40,107 |
| | 60 | DP01/ 90479994/ cs / po/ 16 / 29.03.2017 | 3,40,107 |
| | 19 | DP01/ 90481326 / cs / po/ 16 / 03.04.2017 | 1,06,261 |
| | 228 | | 19,42,629 |

നൽകിയ ₹20,17,250/-രൂപയിൽ ₹19,42,629/- രൂപയുടെ എമൽഷനം, ടാറുമാണ് ലഭിച്ചിട്ടുള്ളത്. ലഭിക്കാനുള്ള തുകയുടെയും പഞ്ചായത്ത് അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉള്ള തുകയുടെയും വിവരം ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | നൽകിയ തുക | നൽകിയ ടാർ എമൽഷന്റെ വില | തിരികെ ലഭിക്കാനുള്ള തുക |
|---|---|---|---|
| Hindustan Colas Limited | 6,73,697 | 6,51,662 | 22,035 |
| Mangalore Refinery And Petrochemicals Limited | 13,43,553 | 12,90,967 | 52,586 |
| പഞ്ചായത്ത് അക്കൗണ്ടിൽ നീക്കിയിരിപ്പ് | - | - | 20,788 |
| ആകെ | 20,17,250 | 19,42,629 | 95,409 |

Hindustan Colas Limited നിന്നും ലഭിക്കാനുള്ള 22,035 / രൂപയും, Mangalore Refinery And Petrochemicals Limited നിന്നും ലഭിക്കാനുള്ള 52,586/ രൂപയും കൂടി ആകെ 74,621/ രൂപ തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വികരിക്കേണ്ടതും, ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലുള്ള 20,788 രൂപയുൾപ്പടെ ടാർ വാങ്ങാൻ പിൻവലിച്ചതിൽ അവശേഷിക്കുന്ന 95,409 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ് .

## 3-5 തുക മുൻകൂർ നൽകിയിട്ടും മരുന്ന് പൂർണ്ണമായിട്ടും ലഭിച്ചിട്ടില്ല.

പ്രൊജക്ട് നമ്പർ, പേര് - 21/16-17 -ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ .

ബിൽ നമ്പർ, തിയതി – 01 / 16-17 – 30.12.2016

തുക - 3,00,000 /-

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ.

ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള രാജപുരം, പനത്തടി എന്നീ ഗവ-ഹോമിയോ ഡിസ്പെൻസറികളിലേയ്ക്ക് മരുന്നുകൾ വാങ്ങുകയായിരുന്ന പദ്ധതിയുടെ ലക്ഷ്യം. മേൽ പ്രൊജക്ട് പ്രകാരം 3,00,000/- രൂപ കേരള സംസ്ഥാന ഹോമിയോപൊതിക് കോ ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 1,56,930 രൂപയുടെ മരുന്നാണ് ലഭിച്ചിട്ടുള്ളത്. ലഭിച്ച മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു .

| ഗവ .ഹോമിയോ ഡിസ്പെൻസറിയുടെപേര് | ഇൻവോയിസ് നമ്പർ തീയതി | തുക |
|---|---|---|
| രാജപുരം | എൽ. എഫ് . 174 / | 62,770 |

| | | |
|---|---|---|
| | 08.06. 2017 | |
| പനത്തടി | എൽ. എഫ് . 176 / 08.06. 2017 | 94,160 |
| | ആകെ | 1,56,930 |

അവശേഷിച്ച 1,43,070 / - രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-6 ആശ്രയ പദ്ധതി പ്രവർത്തനം മന്ദഗതിയിൽ - ചെലവഴിക്കുവാൻ അവശേഷിക്കുന്നത് 12.85ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിലെ അഗതി ആശ്രയ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ നിലവിൽ 12.85 ലക്ഷം രൂപ വിനിയോഗിക്കുവാൻ അവശേഷിക്കുന്നതായി കാണുകയുണ്ടായി. ആശ്രയ ഒന്നാം ഘട്ട, രണ്ടാം ഘട്ട പദ്ധതികൾക്കായി ലഭിച്ച ചലഞ്ച് ഫണ്ട് തുകയിൽ വിനിയോഗിക്കുവാൻ അവശേഷിക്കുന്നതാണ് പ്രസ്തുത തുക. ആദ്യഘട്ട പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് നിലവിൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളൊന്നും തന്നെ നൽകുന്നില്ല. രണ്ടാം ഘട്ട പദ്ധതിയ്ക്കായി 2015-16ൽ ലഭിച്ച 4,30,634 രൂപ (എസ്.ടി ₹ 2,86,767, ജനറൽ ₹1,43,867), 2016-17വർഷം കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. പുതുക്കിയ പദ്ധതി പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെട്ട രണ്ട് ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടുപയോഗിച്ച് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗുണഭോക്താവിന് കിണർ നിർമ്മിക്കുന്നതിനായി 22,000 രൂപ സി.ഡി.എസ്. അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക വിനിയോഗിച്ചിട്ടില്ല.

പുതുക്കിയ പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 25 ഗുണഭോക്താക്കളും, പൊതു വിഭാഗത്തിൽപ്പെടുന്ന 16 ഗുണഭോക്താക്കളും ഉൾപ്പെടുന്നു. ഇവർക്കായി 2016-17 വർഷം അതിജീവനാവശ്യങ്ങൾക്കായി 87,156 രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പുതുക്കിയ ആശ്രയ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ തന്നെ ആദ്യഘട്ടപദ്ധതിപ്രകാരം ലഭിച്ച് ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയുടെ കാര്യത്തിൽ കുടുബശ്രീ മിഷൻ മുഖേന സർക്കാരിൽ നിന്നും അനുമതി വാങ്ങി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പദ്ധതി നടത്തിപ്പ് പുരോഗതി വിലയിരുത്തി നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, ഗ്രാമ പഞ്ചായത്തിലെ ആശ്രയപദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുവാനും ഏറ്റവും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുവാനും ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-7 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 3405500രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം.& തിയതി. | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അസി. സെക്രട്ടറി | ഐ.എ.വൈ. വിഹിതം നൽകൽ (എസ്.ടി)<br>പ്രൊ.നം. 01/17 | 06/31-01-17 | 9,75,000 | സെക്രട്ടറി, ബ്ലോക്ക പഞ്ചായത്ത്,<br>പരപ്പ. |
| 2 | അസി. സെക്രട്ടറി | പി.എം.എ.വൈ. വിഹിതം നൽകൽ (എസ്.ടി.)<br>പ്രൊ.നം. 28/17 | 10/31-01-17<br>11/31-01-17<br>16/21-02-17 | 3,57,000<br>12,35,500<br>2,92,500 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്,<br>പരപ്പ. |
| 3 | സെക്രട്ടറി | ഐ.എ.വൈ വിഹിതം നൽകൽ (ജനറൽ)<br>പ്രൊ.നം. 04/17 | 16/30-01-17 | 4,00,000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്,<br>പരപ്പ. |
| 4 | സെക്രട്ടറി | ഐ.എ.വൈ വിഹിതം നൽകൽ (ജനറൽ)<br>പ്രൊ.നം. 27/17 | 17/30-01-17 | 40,000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്,<br>പരപ്പ. |
| 5 | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നൽകൽ<br>പ്രൊ.നം. 168/17 | 12/31-03-17 | 1,05,500 | ഡയറക്ടർ,സാമൂഹ്യ സുരക്ഷാമിഷൻ. |
| | | | ആകെ | 34,05,500 | |

## 3-8 പട്ടിക വർഗ്ഗ ഭവന പുനരുദ്ധാരണം-പഠന മുറി നിർമ്മാണം പൂർത്തീകരണം അവശേഷിക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം (പ്രൊ.നം. 50/17)എട്ട് ലക്ഷം രൂപയും, പഠന മുറി നിർമ്മാണ പദ്ധതിപ്രകാരം (പ്രൊ.നം.47/17) 8.73 ലക്ഷം രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. മുൻകൂർ തുക കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ പൂർത്തീകരണം സാധൂകരിക്കുന്ന വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

(എ) ഭവന പുനരുദ്ധാരണം (യൂണിറ്റ് നിരക്ക് ₹1,00,000)

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | കല്യാണി നാരായണൻ | 50,000 |
| 2 | ചന്ദ്രൻ പെരുമ്പള്ളി | 50,000 |
| 3 | ജാനകി ചെനിയൻ ഒരള | 50,000 |
| 4 | ശക്രാന്തി കരിന്ത്രൻകല്ല് | 50,000 |
| 5 | ഉണ്ടച്ചി | 50,000 |
| 6 | ലക്ഷ്മി ഉണ്ണി | 50,000 |
| 7 | നാരായണി പൊക്ലൻ | 50,000 |
| 8 | ശശി കാഞ്ഞിരടി | 50,000 |
| 9 | ശാരദ രാമൻ | 50,000 |

(ബി) പഠന മുറി നിർമ്മാണം (യൂണിറ്റ് നിരക്ക് ₹1,00,000)

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | നാരായണൻ പി. റ്റി മാലക്കല്ല് | 50,000 |
| 2 | ഗോപാലൻ വണ്ണാത്തിക്കാനം | 50,000 |
| 3 | ഭാർഗ്ഗവി അമ്പു | 50,000 |
| 4 | സുധാകരൻ കാവിരി | 50,000 |
| 5 | ശാന്ത രാമചന്ദ്രൻ | 50,000 |
| 6 | കുമാരി | 50,000 |

മേൽ ഗുണഭോക്താക്കൾ ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചത് സാധൂകരിക്കുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-9 സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പദ്ധതി- വികസനഫണ്ടിൽ നിന്നും മുൻകൂർ എടുത്ത തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

2016-17 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കുന്നതിനായി 380 പേർക്ക് 15,400 രൂപ നിരക്കിൽ ആകെ 58,52,000 രൂപ അടങ്കലുള്ള പദ്ധതി തയ്യാറാക്കുകയുണ്ടായി. (ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ₹45,63,600 കേന്ദ്രാവിഷ്കൃതഫണ്ട്, ₹2,52,000, തനത് ഫണ്ട് ₹5,36,400, നിർമ്മൽ പുരസ്കാരം₹5,00,000). ഓഡിറ്റ് വർഷം പദ്ധതിയ്ക്കായി ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും 45,43,600 രൂപയും തനത് ഫണ്ട് നിർമ്മൽ പുരസ്കാരം എന്നീയിനങ്ങളിൽ 10,36,400 രൂപയുമുൾപ്പടെ ആകെ 56,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ ശുചിത്വ മിഷൻ അംഗീകരിച്ച് നൽകിയ പദ്ധതിപ്രകാരം ലഭ്യമാവേണ്ട ശുചിത്വ മിഷൻ വിഹിതം 45,60,000രൂപയാണ്(12,000x380). പ്രസ്തുത തുകയിൽ നാളിതുവരെ 33,97,841 പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടുണ്ട്. ഈയിനത്തിൽ ഇനി 11,62,159 രൂപ ശുചിത്വ മിഷനിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ശുചിത്വ മിഷൻ വിഹിതം പദ്ധതി നിർവ്വഹണ വേളയിൽ ലഭ്യമാവാതിരുന്നതിനാൽ 28-12-2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ നിർദ്ദേശാനുസരണം മറ്റ് പ്രൊജക്ടുകൾക്കായി നീക്കിവെച്ച തുകകൾ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുകയാണ് ചെയ്തത്.ശുചിത്വ മിഷനിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് അധികമായി വിനിയോഗിച്ച തുക ഏതുമേഖലയുമായി ബന്ധപ്പെട്ട പദ്ധതികളിൽ നിന്നും ലഭ്യമാക്കിയതാണോ അതേ മേഖലകളിൽ തന്നെ വിനിയോഗിക്കുവാനുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് 2016-17 വർഷം പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും തുക പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല. അധികൃതർ ലഭ്യമാക്കിയ രേഖകൾ പ്രകാരം വികസനഫണ്ടിൽ നിന്നും പദ്ധതിയ്ക്കായി ചെലവഴിച്ച തുകയ്ക്ക് പകരമായി കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് 42.14 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചതിൽ 12.37 ലക്ഷം രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

ഇക്കാര്യം പരിശോധിച്ച് ശുചിത്വ മിഷനിൽ നിന്നും ലഭിക്കുവാനവശേഷിക്കുന്ന തുക 11,62,159 രൂപ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും, സർക്കാർ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ടമേഖലകളിൽ പകരം പദ്ധതികളാവിഷ്കരിച്ച് ചെലവഴിക്കേണ്ട തുകകൾ ചെലവഴിച്ചുവെന്ന് ഉറപ്പാക്കേണ്ടതും ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-10 ബഡ്സ് സ്കൂൾ ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ-

**സർക്കാർ അനുവദിച്ച ഫണ്ട് വിനിയോഗിച്ചില്ല.**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 31.03.2016 ലെ M1/41719/2015/DP1 നമ്പർ ഉത്തരവ് പ്രകാരം ബഡ്സ് സ്കൂളുകളുടെ പ്രവർത്തനത്തിനായി സർക്കാർ വകയിരുത്തിയ തുകയിൽ നിന്നും 2,36,896 രൂപ ഗ്രാമ പഞ്ചായത്തിന് അനുവദിക്കുകയുണ്ടായി. ഇതിൽ 1,36,896 രൂപ ഹോണറേറിയം, വാഹനചെലവ് എന്നിവയ്ക്കായും, 1,00,000 രൂപ ഫിസിയോതെറാപ്പി ഉപകരണങ്ങൾക്കായിട്ടുമാണ് വിനിയോഗിക്കേണ്ടത്. ബഡ്സ് സ്കൂൾ നടത്തിപ്പ് ചെലവിനത്തിൽ (വാഹനം, ഹോണറേറിയം) വാർഷിക പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും തൻവർഷം 5,08,326 രൂപ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫിസിയോതെറാപ്പി ഉപകരണങ്ങൾക്ക് വേണ്ടി അനുവദിച്ച 1,00,000 രൂപ ഇതുവരെയും വിനിയോഗിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ തൻവർഷം 5,08,326 രൂപ ഹോണറേറിയം വാഹനച്ചെലവ് ഇനങ്ങളിൽ ഗ്രാമ പഞ്ചായത്ത് വിനിയോഗിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഈ ആവശ്യങ്ങൾക്കായി അനുവദിച്ച 1,36,896 രൂപയുൾപ്പെടെ 2,36,896 രൂപയും വാർഷിക കണക്കിൽ ബാദ്ധ്യതയിനത്തിൽ ഉൾപ്പെടുത്തിക്കാണുന്നു. ഇക്കാര്യം പരിശോധിച്ച് 2017-18 വാർഷിക കണക്കിൽ ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

## 3-11 നെല്ലുല്പാദന ബോണസ് നാളിതുവരെയും വിതരണം ചെയ്തിട്ടില്ല

2016-17 വർഷത്തിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി കൃഷി വകുപ്പിൽ നിന്നും പഞ്ചായത്ത് വഴി നൽകിയ ₹ 10,000/- ബോണസ് (ചെക്ക് നം.402550/30.03.2017 ) നാളിതുവരെയും (ഓഡിറ്റ് കാലയളവിൽ) അർഹരായ കർഷകർക്ക് വിതരണം ചെയ്തിട്ടില്ല. ഇത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പരപ്പ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,11,248 | ക്ഷീരോൽപാദകർക്ക് സബ്സിഡി | 1,11,248 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | - | 2012-13 | 3.4.5 | തൊഴിൽ കാർഡ് 14 ദിവസ പരിധി പാലിക്കുന്നില്ല. | നിലവിൽ സമയ പരിധി പാലിക്കുന്നതായി അറിയിച്ചിട്ടുണ്ട്. |
| 2012-13 | - | 2012-13 | 3-4-5 | ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പിലാക്കിയത് | ന്യൂനത പരിഹാര നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| 2012-13 | - | 2012-13 | 3-4-5 | ഗ്രാമ സഭ ഫെസിലിറ്റേറ്റർമാരുടെ തിരഞ്ഞെടുപ്പ് | ന്യൂനത പരിഹാര നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| 2012-13 | - | 2012-13 | 3-4-5 | കുളം നിർമ്മാണം, കിണർ നിർമ്മാണം -എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി നടത്തിയത് | ന്യൂനത പരിഹാര നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| 2012-13 | - | 2012-13 | 3-4-5 | മുന്നൊരുക്കങ്ങൾ നടത്തിയതിനും, മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിനും,സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | ന്യൂനത പരിഹാര നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| 2012-13 | - | 2012-13 | 3-4-5 | പ്രവൃത്തി സ്ഥലങ്ങളിൽ ബോർഡ് വെയ്ക്കുന്നില്ല | ന്യൂനത പരിഹാര നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| 2012-13 | - | 2012-13 | 3-4-5 | വിവിധ രജിസ്റ്ററുകൾ അപൂർണ്ണം | ന്യൂനത പരിഹാര നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 2012-13 | - | 2012-13 | 3-4-5 | വിജിലൻസ്, മോണിറ്ററിങ്ങ് കമ്മിറ്റി പ്രവർത്തനം ശക്തമല്ല. | ന്യൂനത പരിഹാര നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,66,86,546 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,35,59,726 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-2003 | നം.എൽ.എഫ്.കെ.എസ്.ഡി.3 47/10 തിയതി 10-06-2010 | 4 |

| | | |
|---|---|---|
| 2003-2004 | നം.എൽ.എഫ്.കെ.എസ്.ഡി. 3 /48/ 2010. തിയതി 04-06-2010 | 5 |
| 2004-2005 | നം.എൽ.എഫ്.കെ.എസ്.ഡി.3 /206/ 2010തിയതി19-03-2011 | 11 |
| 2005-2006 | നം.എൽ.എഫ്.കെ.എസ്.ഡി. 3/212/ 2010 തിയതി.31-03-2011 | 9 |
| 2006-2007 | നം.എൽ.എഫ്.കെ.എസ്.ഡി.3 /406/2012തിയതി.09-08-2012 | 13 |
| 2007-2008 | നം.എൽ.എഫ്.കെ.എസ്.ഡി.3 /407/2012തിയതി.09-08-2012 | 9 |
| 2008-09 & 2009-10 | നം.എൽ.എഫ്.കെ.എസ്.ഡി.3 /903/ 2012തിയതി.12-12-2012 | 10 |
| 2010-11 & 2011-12 | ന.എൽ..എഫ്. കെ.എസ്.ഡി. 7 /1323 /2014 തിയതി.06-03-2015 | 19 |
| 2012-13 & 2013-14 | ന.എൽ..എഫ്. കെ.എസ്.ഡി. 7 /270 /2015 തിയതി. 08-07-2015 | 11 |
| 2014-15 | ന.കെ.എസ്.എ. കെ.എസ്.ഡി.5 /806 /2016 തിയതി. 01-08-2016 | 16 |
| 2015-16 | ന.കെ.എസ്.എ. കെ.എസ്.ഡി.10 / 71 /2017 തിയതി.09.01.2017 | 05 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-10/895/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

E-mail:- doksd.ksad@kerala.gov.in
Phone: 0499 4256690.

തീയതി. 07.08.2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, കള്ളാർ ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

No. KSA-KSD/10/895/2017

Kerala State Audit Department,

District Audit Office,Kasaragod – 671123.

E-mail:- doksd.ksad@kerala.gov.in

Dated.07.08.2017.

AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of Kallar Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kallar Grama Panchayat for the year 2016-17, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod.